# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 4926 — 23.03.2018-ൽ മറുപടിയ്ക്ക്

### സാമൂഹിക പഠന മുറികൾ

**ചോദ്യം**
ശ്രീ.കെ. രാജൻ

**മറുപടി**
ശ്രീ.എ.കെ.ബാലൻ
(പട്ടികജാതി പട്ടികവർഗ്ഗ
പിന്നോക്കസമുദായക്ഷേമവും നിയമവും
സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ
മന്ത്രി)

| | ചോദ്യം | | മറുപടി |
|---|---|---|---|
| എ) | പട്ടികവർഗ്ഗ വിഭാഗത്തിലുള്ള വിദ്യാർത്ഥികളുടെ പഠന നിലവാരം മെച്ചപ്പെടുത്തുന്നതിനായി ആദിവാസി ഊരുകളിൽ സാമൂഹിക പഠന മുറികൾ തയ്യാറാക്കുന്നതിന് എന്തെങ്കിലും പദ്ധതികൾ നിലവിലുണ്ടോ; | എ) | പട്ടികവർഗ്ഗ വിഭാഗത്തിലുള്ള വിദ്യാർത്ഥികളുടെ പഠന നിലവാരം മെച്ചപ്പെടുത്തുന്നതിനായി ആദിവാസി ഊരുകളിൽ സാമൂഹ്യ പഠന മുറി എന്ന പദ്ധതി നിലവിലുണ്ട്. കോളനികളിൽ തന്നെയുള്ള അഭ്യസ്തവിദ്യരായ യുവതീ യുവാക്കളെ ഫെസിലിറ്റേറ്റർമാരായി തെരഞ്ഞെടുത്ത് നിയമിച്ചിട്ടുണ്ട്. 2017-18 സാമ്പത്തിക വർഷം 100 കേന്ദ്രങ്ങൾ ഇതിനായി തെരഞ്ഞെടുത്തിട്ടുണ്ട്. കോളനികളിൽ തന്നെയുള്ള കമ്മ്യൂണിറ്റി ഹാളുകളോ സമാന കെട്ടിടങ്ങളോ ആണ് ഇതിനായി തെരഞ്ഞെടുത്തിരിക്കുന്നത്. |
| ബി) | ഉണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ? | ബി) | പട്ടികവർഗ്ഗ വിഭാഗത്തിലുള്ള വിദ്യാർത്ഥികളുടെ പഠന നിലവാരം മെച്ചപ്പെടുത്തുന്നതിനായി 100 സാമൂഹ്യ പഠന മുറികൾക്കായി കേന്ദ്രങ്ങളെ തെരഞ്ഞെടുത്തിട്ടുണ്ട്. അവയിൽ 50 എണ്ണത്തിന്റെ പണി പൂർത്തീകരിച്ചിട്ടുണ്ട്. ഒരു പഠന കേന്ദ്രത്തിൽ 30 പട്ടികവർഗ്ഗ പഠിതാക്കൾക്ക് പഠന സൗകര്യങ്ങൾ ഒരുക്കുന്നതിന് |

| | | | |
|---|---|---|---|
| | | | കോളനികളിലെ കമ്മ്യൂണിറ്റി ഹാളുകളും മറ്റ് സമാന ഇടങ്ങളും കണ്ടെത്തിയിട്ടുണ്ട്. കോളനികളിലെ അഭ്യസ്ത വിദ്യരായ യുവതീ യുവാക്കളെ ഫെസിലിറ്റേറ്റർമാരായി തെരഞ്ഞെടുത്തിട്ടുണ്ട്. ടി ഫെസിലിറ്റേറ്റർമാർക്ക് DIET വയനാട് കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ രണ്ട് ദിവസത്തെ വിദഗ്ധ പരിശീലന പരിപാടി തിരുവനന്തപുരം, വയനാട് എന്നീ സ്ഥലങ്ങളിൽ വച്ച് നടത്തിയിട്ടുണ്ട്. കൂടാതെ ടി കേന്ദ്രങ്ങളിൽ ഭൗതീക സാഹചര്യങ്ങൾ ഒരുക്കുന്നതിന്റെ ഭാഗമായി ഒരു സാമൂഹ്യ പഠനമുറിക്ക് ഡസ്ക് ടോപ്പ് കമ്പ്യൂട്ടർ (2 എണ്ണം), യു.പി.എസ്(2 എണ്ണം), വൈറ്റ് ബോർഡ് (1) എൽ.ഇ.ഡി മോണിറ്റർ (1), എൽ.ഇ.ഡി ഡിസ്പ്ലേ (1), കമ്പ്യൂട്ടർ ടേബിൾ (1), രണ്ട് വിദ്യാർത്ഥികൾക്ക് വീതം ഇരിക്കുവാൻ കഴിയുന്ന കസേരയോടുകൂടിയ 15 സ്റ്റഡി ടേബിളുകൾ എന്ന കണക്കിൽ വിതരണം ചെയ്തിട്ടുണ്ട്. കൂടാതെ വിദ്യാർത്ഥികൾക്ക് ലഘുഭക്ഷണം, പഠന സാമഗ്രികൾ, കമ്പ്യൂട്ടർ, ഇന്റർനെറ്റ് സൗകര്യം, പുസ്തകങ്ങൾ തുടങ്ങിയ അധിക സൗകര്യങ്ങളും ഒരുക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ